**പതിമൂന്നാം കേരളനിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 2617** **19.02.2016 ലെ മറുപടിയ്ക്ക്**

## എയ്ഡഡ് പ്രൈമറി വിദ്യാലയങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.കെ. ശശീന്ദ്രൻ | ശ്രീ. പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസവകുപ്പുമന്ത്രി) |
| (എ) വിവിധ എയ്ഡഡ് പ്രൈമറി വിദ്യാലയങ്ങളിൽ 2011 ജൂൺ മുതൽ നിയമനാംഗീകാരവും ശമ്പളവും ലഭിക്കാതെ ജോലി ചെയ്യുന്ന അദ്ധ്യാപകർ ഉണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) പ്രസ്തുത അദ്ധ്യാപകർക്ക് 2010-11 ൽ നിലവിലുള്ള തസ്തികകളിൽ തുടർന്നുണ്ടാകുന്ന നിയമനങ്ങൾക്ക് അംഗീകാരം നൽകുമെന്ന് 2011 -ലെ അദ്ധ്യാപക പാക്കേജിൽ (ജി.ഒ,. (പി.) നം.. 199/2011 പൊ.വി.വ.തീയതി 01.10.2011) പ്രഖ്യാപിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ ഇക്കാര്യത്തിൽ ആവശ്യമായ നടപടി കൈക്കൊള്ളുമോ; | (എ) യും (ബി) യും ജി.ഒ. (പി.) നം. 199/2011 പൊവിവ. പ്രകാരം പുറപ്പെടുവിച്ച അദ്ധ്യാപക പാക്കേജിൽ 2010-11 ലെ തസ്തികകൾ അടിസ്ഥാനമാക്കി സ്ഥിരം ഒഴിവുകളിലെ നിയമനങ്ങൾക്ക് അംഗീകാരം നൽകാൻ നിർദ്ദേശിച്ചിരുന്നു. അതനുസരിച്ച് നിരവധി അദ്ധ്യാപകർക്ക് നിയമനാം ഗീകാരം ലഭിച്ചിട്ടുണ്ട്. മേൽ അദ്ധ്യാപക പാക്കേജ് ബഹു. ഹൈക്കോടതി റദ്ദു ചെയ്തതിനെ തുടർന്ന് ചില നിയമന ങ്ങൾക്ക് അംഗീകാരം തടസ്സപ്പെട്ടിട്ടു ണ്ടെങ്കിലും, ബഹു. ഹൈക്കോടതി യുടെ17.12.2015 ലെ വിധിന്യായം കണക്കിലെടുത്ത് 29.1.2016 ൽ സ.ഉ.(പി) 29/2016/പൊവിവ പ്രകാരം തസ്തിക നിർണ്ണയത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ അതിനനുസൃതമായ അനുപാതത്തിൽ നിയമിക്കപ്പെട്ടവർക്ക് നിയമനാംഗീകാരം ലഭിക്കുന്നതാണ്. |
| (സി) അദ്ധ്യാപക പാക്കേജിന് ക്ളാരിഫിക്കേഷൻ ആയി പുറപ്പെടുവിച്ച 10.05.2012 -ലെ 13402/J2/12/പൊവിവ സർക്കുലർ പ്രകാരം അൺ ഇക്കണോമിക് സ്കൂളുകളിൽ ഒരു ക്ലാസിന് ഒരദ്ധ്യാപകൻ (ഹെഡ് മാസ്റ്റർ ഉൾപ്പെടെ) എന്ന നിലയിൽ നിയമനാംഗീകാരം നൽകാമെന്ന് സൂചിപ്പിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ;<br><br>(ഡി) 2011 മുതൽ 2015-16 അദ്ധ്യയന വർഷം വരെ അൺ ഇക്കണോമിക് സ്കൂളുകളിൽ ജോലിയിൽ പ്രവേശിച്ച മുഴുവൻ അദ്ധ്യാപകർക്കും നിയമനാംഗീകാരം നൽകാൻ നടപടി സ്വീകരിക്കുമോ? | (സി) & (ഡി) അൺ ഇക്കണോമിക് സ്കൂളുകളിലെ നിയമനാംഗീകാരം സംബന്ധിച്ച് അദ്ധ്യാപക പാക്കേജിനെ തുടർന്ന് പുറപ്പെടുവിച്ച 6.11.2012 ലെ 58604/ജെ2/2012/പൊവിവ നമ്പർ ഉത്തരവിന് ഇപ്പോഴും പ്രാബല്യമുണ്ട് എന്ന് GO (P) 29/16/പൊവിവയിൽ നിർദ്ദേശിച്ചിട്ടുണ്ട്.<br>അൺ ഇക്കണോമിക് സ്കൂളുകളിലെ നിയമനങ്ങൾക്ക് ജി.ഒ. (പി) 29/2016/പൊവിവ ഉത്തരവിൽ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി നിയമനാംഗീകാരം ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ